# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം -സർക്കാർ കോളേജുകൾ- സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

ഉത്തരവ് നം. സി 1/2109/2019/കോ.വി.വ. തീയതി 03/08/2020

---

പരാമർശം: 1) ഈ കാര്യാലയത്തിലെ 12/06/2020-ലെ ഇതേ നമ്പർ നടപടിക്രമം.
2) ശ്രീ. മുഹമ്മദ് ഫാസിൽ.എ, ജൂനിയർ സൂപ്രണ്ട്-ന്റെ 27/07/2020-ലെ അപേക്ഷ.
3) 03/08/2020 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമം
4) 25/01/2020-ലെ സി 1/63851/2019/കോ.വി.വ പ്രകാരം വിജ്ഞാപനം സീനിയർ സൂപ്രണ്ട് തസ്തികയിലെ സെലക്ട് ലിസ്റ്റ്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. മുഹമ്മദ് ഫാസിൽ.എ-യ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി കുന്നമംഗലം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ നിയമിച്ചിരുന്നു. പരാമർശം (2) പ്രകാരം ടിയാൻ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റംസ്ഥിരമായി ഉപേക്ഷിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടിയാന്റെ അപേക്ഷ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കുന്നമംഗലം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ പരാമർശം (4) സെലക്ട് ലിസ്റ്റ് അനുസരിച്ച് ചുവടെ പറയുന്ന പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 36600 -79200 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടവിയ്ക്കുന്നു.

| ക്രമ നം | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പരാമർശം(4) പ്രകാരം വിജ്ഞാപനം ചെയ്ത സെലക്ട് ലിസ്റ്റിലെ ക്രമ നം. | സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി. സജന.പി.ടി ജൂനിയർ സൂപ്രണ്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം | 30 (ക്രമ നം.29 വരെയുള്ള വർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്) | ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കുന്നമംഗലം ( ശ്രീമതി.കവിത.സി.വി, സീനിയർ സൂപ്രണ്ട് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) |

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള വ്യക്തി ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിയ്ക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടിയാൾ വിടുതൽ വാങ്ങുന്നതും ജോലിയിൽ പ്രവേശിയ്ക്കുന്നതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചയാൾ ഓപ്ഷൻ ഫോറം അക്കൗണ്ടന്റ് ജനറലിന് സമർപ്പിയ്ക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiate edn.kerala.gov.in – ലഭ്യമാണ്.

ഒപ്പ്/-
വി. വിഘ്നേശ്വരി ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3. സിസ്റ്റം മാനേജർ
4. കരുതൽ ഫയൽ/ നടപ്പു ഫയൽ .

//അംഗീകാരത്തോടെ //

സൂപ്രണ്ട്.

എസ്.യു.10.08.2020